**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3703** **27-06-2024 - ൽ മറുപടിയ്ക്ക്**

**പുതിയ റോഡ് ശൃംഖല പ്രയോജനപ്പെടുത്തി കെ.എസ്.ആർ.ടി.സി. സർവീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നവീകരിച്ച പുതിയ റോഡ് ശൃംഖലകൾ പ്രയോജനപ്പെടുത്തി പുതിയ കെ.എസ്.ആർ.ടി.സി. സർവീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | ദേശസാൽകൃത റൂട്ടുകളിലൂടെയും നവീകരിച്ച പുതിയ റോഡ് ശൃംഖലകൾ പ്രയോജനപ്പെടുത്തിയും സാധ്യതാപഠനം നടത്തി പുതിയ സർവീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | പുനലൂർ-മൂവാറ്റുപുഴ, കോട്ടയം-കോഴഞ്ചേരി, ആലപ്പുഴ-ചങ്ങനാശേരി-എരുമേലി എന്നിവ പോലെ സംസ്ഥാനത്തുടനീളമുള്ള പുതിയ റോഡ് ശൃംഖലകളിലൂടെ അന്തർ ജില്ലാ സർവീസുകൾ ആരംഭിക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി രൂപീകരിക്കാമോ? | (ബി) | പുനലൂർ - മൂവാറ്റുപുഴ, കോട്ടയം - കോഴഞ്ചേരി, ആലപ്പുഴ - ചങ്ങനാശ്ശേരി - എരുമേലി തുടങ്ങിയ റൂട്ടുകളിൽ പഠനം നടത്തി വിവിധ യൂണിറ്റുകളിൽ നിന്നായി അന്തർ സംസ്ഥാന സർവീസുകളടക്കം അന്തർ ജില്ലാ സർവീസുകൾ ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തുടനീളമുള്ള പുതിയ റോഡ് ശൃംഖലകളിലൂടെ വരുമാന ലഭ്യത ഉറപ്പുവരുത്തി പുതിയ അന്തർ ജില്ലാ സർവീസുകൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ച് പ്രാവർത്തികമാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ